# നീരസ്വപ്നങ്ങൾക്കു നിറം പകർന്നയാൾ

**നീര** ഉൽപാദനത്തിനുള്ള അനുവാദം നേട്ടമായി ആഘോഷിക്കുന്നതിനേക്കാൾ അതു നൽകുന്ന ഉത്തരവാദിത്തത്തെക്കുറിച്ചും ഭാവിപ്രവർത്തനങ്ങളെക്കുറിച്ചും ചിന്തിക്കാനാണ് നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസിനു താൽപര്യം. രണ്ടു വർഷത്തോളമായി കേര കർഷകരെ സംഘടിപ്പിച്ച് സ്വന്തം കാലിൽ നിൽക്കാൻ പ്രേരിപ്പിച്ചുവരുന്ന അദ്ദേഹത്തിന് ഈ ദൗത്യത്തിലെ നിർണായക വഴിത്തിരിവ് മാത്രമാണ് നീര. ആത്യന്തിക ലക്ഷ്യം കൃഷിക്കാരൻെറ വരുമാനവർധനയും തെങ്ങുകൃഷിയുടെ നിലനിൽപും മാത്രമാണെന്ന് അദ്ദേഹം പറയുന്നു.

മദ്യമല്ലാത്ത നീര വിപണനം ചെയ്യുന്ന കാര്യം മാത്രമാണ് ബോർഡ് നിർദേശിച്ചിട്ടുള്ളതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നീരയുടെ ഉൽപാദനമോ വിപണനമോ ബോർഡ് നേരിട്ടു നടത്താനും ഉദ്ദേശിച്ചിട്ടില്ല. കൃഷിക്കാരുടെ വരുമാനമാർഗമായി നീരയെ വികസിപ്പിക്കുകവഴി തെങ്ങുകൃഷി വിപുലമാക്കുക മാത്രമാണ് ബോർഡിൻെറ ലക്ഷ്യം.

നീര അനുവദിക്കപ്പെട്ടതുകൊണ്ടു മാത്രമായില്ല. അതുപയോഗപ്പെടുത്തി കൃഷിക്കാർക്ക് നീരയും നീരയുൽപന്നങ്ങളും വിൽക്കാനാവണം. നീരയുടെ സംഭരണം, സംസ്കരണം, വിപണനം തുടങ്ങിയ കാര്യങ്ങളിൽ കൃഷിക്കാർക്കു മാർഗദർശിയായി അവരോടൊപ്പം നിൽക്കേണ്ടതുണ്ട്. നയപരവും ഭരണപരവുമായ പല കാര്യങ്ങളും ചെയ്തു തീർക്കേണ്ടതുണ്ട്. വേണ്ടത്ര നീര ടെക്നീഷ്യന്മാർക്കു പരിശീലനം നൽകുക, ഉൽപാദന-സംസ്കരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാങ്കേതികവിദ്യ ലഭ്യമാക്കുക, നീരസംരംഭങ്ങളിൽ മതിയായ നിക്ഷേപം ഉറപ്പാക്കുക, നീരയ്ക്കു ഫലപ്രദമായ വിപണനതന്ത്രം രൂപീകരിക്കുക തുടങ്ങിയ ലക്ഷ്യങ്ങളുമായിട്ടാവും ഇനി ബോർഡ് പ്രവർത്തിക്കുക.

നീര ടെക്നീഷ്യന്മാരെ വേണ്ടത്ര ലഭ്യമാക്കാനായി ബോർഡിൻെറ ടെക്നോളജി ഡവലപ്മെൻറ് സെൻററും കളമശ്ശേരിയിലെ എസ് സി എം എസ്സും വിശദമായ പരിശീലനപദ്ധതി തയാറാക്കി ആരംഭിച്ചു കഴിഞ്ഞു. രണ്ടു വർഷത്തിനുള്ളിൽ ഇതു പൂർത്തിയാകുമ്പോൾ സംസ്ഥാനത്ത് ഒരു ലക്ഷത്തോളം നീര ടെക്നീഷ്യന്മാരുണ്ടാവുമെന്നാണ് പ്രതീക്ഷ. ഓരോ ജില്ലയിൽ നിന്നും 100 വീതം ആദ്യഘട്ടത്തിൽ പരിശീലനം നേടുന്ന 1400 മാസ്റ്റർടെക്നീഷ്യന്മാർക്ക് പരിശീലനകാലത്ത് സൗജന്യമായി താമസം, ഭക്ഷണം, ടൂൾകിറ്റ് എന്നിവ ബോർഡ് നൽകും. നാളികേര ഉൽപാദക കമ്പനികൾ സ്പോൺസർ ചെയ്യുന്നവർക്കായിരിക്കും മാസ്റ്റർ ട്രെയിനർമാരായി പരിശീലനം നൽകുക. ഇവർ പ്രാദേശികമായി അഞ്ചു പേരെ വീതം പരിശീലിപ്പിക്കും. പരിശീലനം കിട്ടുന്നവർ ബോർഡും കമ്പനികളുമായി കരാർ ഒപ്പിടേണ്ടിവരും. ഭാവിയിൽ നീര ഉൽപാദനം, സംസ്കരണം, ഉൽപന്നവികസനം എന്നിവയുൾപ്പെടുത്തി ആറു മാസത്തെ ഡിപ്ലോമ കോഴ്സ് നടത്താനും നിർദേശമുണ്ട്.



*ടി.കെ. ജോസ് ഐ.എ.എസ്.*

സംസ്കരണത്തിനുള്ള 4-5 സാങ്കേതികവിദ്യകൾ ബോർഡ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇതിൽ രണ്ടു സാങ്കേതികവിദ്യകൾ ബോർഡിൻേറതു തന്നെയാണ്. ബോർഡിൻെറ കോക്കനട്ട് ടെക്നോളജി ഡവലപ്മെൻറ് സെൻറർ രൂപം നൽകിയ ടെക്നോളജിക്ക് പ്രത്യേക പേറ്റൻറ് അവകാശങ്ങളൊന്നുമില്ല. അൽപം കൂടി മികവുള്ളതും ബോർഡിൻെറ സാമ്പത്തികപിന്തുണയോടെ കളമശേരിയിലെ സ്വകാര്യസ്ഥാപനം വികസിപ്പിച്ചതുമായ സാങ്കേതികവിദ്യ സംയുക്തപേറ്റൻറിനായി സമർപ്പിച്ചിരിക്കുകയാണ്. കർഷകകമ്പനികൾക്ക് ഇവയിൽ അനുയോജ്യമായതു തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കും.

നീര സംസ്കരണത്തിലേക്കു കടക്കുന്ന കർഷക കമ്പനികൾക്ക് വിപുലമായ സാങ്കേതിക- മാനേജ്മെൻറ് -എൻജിനീയറിംഗ് വൈദഗ്ധ്യം ആവശ്യമായി വരുമെന്നു ടി. കെ. ജോസ് ചൂണ്ടിക്കാട്ടി. വരുമാനം പങ്കിടുന്ന വ്യവസ്ഥയിൽ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഈ ദൗത്യമേറ്റെടുക്കാനാവണം.

നീരയുടെ ബെഞ്ച് മാർക്ക് വിലയായി 50 രൂപ നിശ്ചയിക്കണം. ബോർഡിനു കീഴിലുള്ള കമ്പനികൾ ഈ വിലയുടെ അടിസ്ഥാനത്തിലാവണം വിപണിയിലെത്തുന്ന മൂല്യവർധിത ഉൽപന്നങ്ങളുടെ വില നിർണയിക്കേണ്ടത്. വിപണിശക്തികൾക്ക് നീരയുടെ വില നിശ്ചയിക്കാൻ അവസരം നൽകരുത്. കേരളത്തിലെ കൃഷിക്കാർക്ക് സ്വന്തം ഉൽപന്നത്തിൻെറ വില നിശ്ചയിക്കാൻ ആദ്യമായി അവസരം കിട്ടുകയാണിവിടെ. അന്താരാഷ്ട്ര വിപണിയിലെ നീര ഉൽപന്നങ്ങളുടെ വില നമ്മുടെ സങ്കൽപങ്ങളുമായി പൊരുത്തപ്പെടുന്നതു തന്നെയാണ്.

നീരയുടെ ഉപോൽപന്നങ്ങൾ ഉപയോഗിച്ചുള്ള നിരവധി ചെറുകിട സംരംഭങ്ങൾക്കും സാധ്യതയുണ്ട്. കൃഷിക്കാർക്കും കൃഷിക്കാരുടെ സംഘങ്ങൾക്കും ഇത്തരം ചെറുസംരംഭങ്ങൾ വൻതോതിൽ തുടങ്ങാനും നീര അവസരം നൽകുന്നു. കേരളത്തിൽ മാത്രമല്ല നീരയ്ക്ക് ആവശ്യക്കാരുള്ളത്. ഭാരതത്തിൻെറ മറ്റ് ഭാഗങ്ങളിലും വിദേശത്തുമൊക്കെ നീര വിൽക്കാനാവും. എക്സ്പോർട്ട് ഹൗസ് പദവിയുള്ള ബോർഡിന് ഇക്കാര്യത്തിൽ കൃഷിക്കാരെ സഹായിക്കാനാവും. കൂടാതെ ഇന്ത്യയിലെ നഗരജനസംഖ്യയുടെ 73 ശതമാനം വസിക്കുന്ന മഹാനഗരങ്ങളിലേക്കായി ബോർഡ് പ്രത്യേകം തയാറാക്കുന്ന വിപണനസംവിധാനവും നീരയ്ക്ക് പ്രയോജനപ്പെടുത്താം.

ശരിയായ ഉദ്ദേശ്യലക്ഷ്യങ്ങളോടെ എല്ലാവരും സഹകരിച്ചാൽ നീര നൽകുന്ന മോഹനസുന്ദരവാഗ്ദാനങ്ങൾ അപ്രാപ്യമല്ലെന്നു ടി.കെ. ജോസ് ചൂണ്ടിക്കാട്ടി.